ഗ്രാമീൺ സഡക് യോജന പദ്ധതിയുടെ വർക്കുകൾ

75 (1511) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഗ്രാമീൺ സഡക് യോജന പദ്ധതിയുടെ വർക്കുകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിൽ പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; കേന്ദ്ര നോംസ് അനുസരിച്ച് കേരളത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനുള്ള പ്രായോഗിക ബുദ്ധിമുട്ട് കേന്ദ്രത്തെ ബോധ്യപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുക ;

(ബി) സംസ്ഥാനത്ത് എത്ര പ്രവൃത്തികൾ ഇതിനകം ടെണ്ടർ ചെയ്യ കഴിഞ്ഞു ; 30% ടെണ്ടർ എക്സസ് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ എത്ര പ്രവൃത്തികൾ ഉണ്ട് ; എത്ര വർക്കുകൾ ടെണ്ടർ ചെയ്യ ; വ്യക്തമാക്കാമോ ;

(സി) ഓൺലൈൻവഴി ടെണ്ടർ ചെയ്യുന്നതിലെ പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. നിർമ്മാണത്തിനാവശ്യമായ ഭൂമി ജനങ്ങളിൽനിന്നും സൗജന്യമായാണ് ഏറ്റെടുക്കുന്നത്. നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭിക്കുമെന്ന ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളുടെ ഉറപ്പിന്മേലാണ് പദ്ധതികൾ കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്. എന്നാൽ പദ്ധതി തുടങ്ങുമ്പോൾ പലപ്പോഴും ആവശ്യമായ ഭൂമി ലഭിക്കാറില്ല. പദ്ധതി മാർഗ്ഗരേഖയിലെ ബുദ്ധിമുട്ട് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ആയത് ഒരളവുവരെ പരിഹരിച്ചിട്ടുമുണ്ട്.

(ബി) പി.എം.ജി.എസ്.വൈ. പ്രകാരം കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുവദിച്ച മുഴുവൻ പ്രവൃത്തികൾക്കും (1430) സംസ്ഥാന സർക്കാർ ഭരണാനുമതി നൽകി ടെണ്ടർ ചെയ്തിട്ടുണ്ട്. നിലവിൽ പി.എം.ജി.എസ്.വൈ. 2013 ഷെഡ്യൂൾ നിരക്ക് പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ്സ് ഒന്നും അനുവദിച്ചിട്ടില്ല. എന്നാൽ 2012-ലെ പി.ഡബ്ല്യു.ഡി. നിരക്കുകൾ പ്രകാരം 2013-ൽ ദർഘാസ് വിളിച്ച പ്രവൃത്തികൾക്ക് സംസ്ഥാന സർക്കാർ 20% വരെ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ചുവടെ കാണിച്ചിട്ടുള്ള രണ്ട് പ്രവൃത്തികളാണുള്ളത്. അവയുടെ ദർഘാസ് ക്ഷണിച്ചിട്ടുണ്ട് :

1. രാഗിണിമുക്ക്-വട്ടലിൽ കോളനി
2. കുന്നുമ്മൽ-രാഗിണിമുക്ക്

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

നഴ്സിംഗ് പഠനത്തിനുള്ള വിദ്യാഭ്യാസ വായ്പ

76 (1512) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഴ്സിംഗ് പഠനത്തിന് വായ്പ എടുത്ത് കടക്കെണിയിലായ എത്ര കുടുംബങ്ങൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) നഴ്സിംഗ് പഠനത്തിന് വായ്പ എടുത്തവർക്ക് പലിശ പൂർണ്ണമായി ഇളവു ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദവിവരം നൽകുമോ ;

(സി) പ്രസ്തുത വായ്പ എടുത്ത് കടക്കെണിയിലായ കുടുംബങ്ങളെ സഹായിക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം ; വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) നഴ്സിംഗ് പഠനത്തിന് വായ്പയെടുത്ത് കടക്കെണിയിലായ കുടുംബങ്ങളുടെ കണക്ക് ശേഖരിച്ചിട്ടില്ല.

(ബി&സി) റിസർവ് ബാങ്ക് നടപ്പിലാക്കിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഇളവുകൾ ബാങ്കുകൾ നൽകിവരുന്നുണ്ട്. വായ്പയെടുത്ത് കടക്കെണിയിലായ കുടുംബങ്ങളെ സഹായിക്കാൻ ബാങ്കുകൾ വായ്പാ കാലാവധി ആവശ്യമെങ്കിൽ ദീർഘിപ്പിച്ചു നൽകുന്നുണ്ട്. ചില വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ചിട്ടുള്ള പലിശ സബ്സിഡി സ്കീം പ്രകാരം നൽകുന്ന ഇളവുകൾ നഴ്സിംഗ് പഠനത്തിന് വിദ്യാഭ്യാസ വായ്പയെടുത്തവർക്കും ലഭ്യമാണ്. കാനറാ ബാങ്കിൽനിന്നും നാല് ലക്ഷം രൂപവരെ വിദ്യാഭ്യാസ വായ്പയെടുത്തിട്ടുള്ളവരും ആഭ്യന്തരപ്രശ്നം കാരണം ഇറാഖ്, ലിബിയ എന്നിവിടങ്ങളിൽനിന്ന് തിരിച്ചെത്തിയവരുമായ നഴ്സുമാർക്ക് കാനറാ ബാങ്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. മറ്റ് ബാങ്കുകളോടും ഇത്തരത്തിൽ പദ്ധതി ആവിഷ്കരിക്കാൻ സംസ്ഥാനതല ബാങ്കുകളുടെ സമിതി അഭ്യർത്ഥിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly